## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4011** **27-10-2021 - ൽ മറുപടിയ്ക്ക്**

## തൊഴിലുറപ്പ് തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടങ്ങൾക്ക് നൽകുന്ന സഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലുറപ്പ് തൊഴിലാളികൾക്ക് ജോലിക്കിടയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് ചികിത്സ ഉറപ്പാക്കാൻ അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്ക് നിയമപരമായി ഉത്തരവാദിത്തമുണ്ടോ; ഇതു സംബന്ധിച്ച ഉത്തരവുകളോ സർക്കുലറുകളോ ഉണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(കൈ) നം.216/2017/ത.സ്വ.ഭ.വ തീയതി 3.11.2017) പ്രകാരം തൊഴിലാളിയ്ക്ക് പണി സ്ഥലത്തുവച്ച് തൊഴിലിന്റെ ഭാഗമായി മുറിവ് അപകടം/ അസുഖം ഉണ്ടായാൽ അയാൾക്ക് സൗജന്യ മെഡിക്കൽ ചികിത്സ ലഭ്യമാക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. 05.02.2021 തീയതിയിലെ ഡിഡി2/252/2020/തസ്വഭവ- നം.സർക്കുലറിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തിയെടുക്കുന്ന തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടം, തുടർന്നുള്ള ചികിത്സ, അപകടത്തെ തുടർന്നുള്ള മരണം, തൊഴിലിനിടയിൽ ഉണ്ടാകുന്ന സ്ഥിരമായ അംഗവൈകല്യം എന്നിവയ്ക്ക് നൽകേണ്ട ധനസഹായം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | തൊഴിൽ ചെയ്യുന്നതിനിടയ്ക്ക് സംഭവിക്കുന്ന അപകടങ്ങളെ തുടർന്നുള്ള തുടർചികിത്സാ, വിശ്രമ കാലയളവിൽ ഇവർക്ക് മതിയായ വേതനത്തിന് അർഹതയുണ്ടോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. അപകടത്തിൽപ്പെടുന്ന ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് മരുന്നിന്റെ വില, സർജറി ചെലവ്, എക്സ്റേ, സ്കാനിംഗ്, മുറിവാടക എന്നിവയും ചികിത്സാ ആവശ്യങ്ങൾക്കായുള്ള വാഹന ചെലവുകളും അനുവദനീയമാണ്. അപകടത്തിൽപ്പെടുന്ന തൊഴിലാളിക്ക് പ്രസ്തുത ദിനത്തിൽ മുഴുവൻ വേതനവും അനുവദിക്കാവുന്നതും അടുത്ത ദിവസം മുതൽ ടി തൊഴിലാളി തൊഴിൽ ആവശ്യപ്പെട്ടിരുന്ന ദിനംവരെ, തൊഴിൽദിന വേതനത്തിന്റെ പകുതി തുക കണക്കാക്കി അനുവദിച്ച് നൽകുന്നതാണ്. സർക്കാർ ആശുപത്രികളിൽ നടത്തുന്ന ചികിത്സയ്ക്കും അനുബന്ധ ചെലവുകൾക്കുമുള്ള തുക പ്രസ്തുത സർക്കാർ മെഡിക്കൽ ഓഫീസർ നൽകുന്ന ചികിത്സാ വിവരത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനം സ്വീകരിക്കുന്നതാണ്. സ്വകാര്യ ആശുപത്രിയിലെ ചികിത്സാ ചെലവുകൾ ഒരു സർക്കാർ മെഡിക്കൽ ഓഫീസറുടെ പരിശോധനയുടെയും സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ അനുവദിച്ച് നൽകുന്നതാണ്. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തൊഴിലപകടങ്ങളുടെ ഭാഗമായി ആശുപത്രിയിൽ കിടത്തി ചികിത്സ ആവശ്യമായി വരുന്ന ഘട്ടത്തിൽ ആശുപത്രിയിൽ കിടക്കുന്ന അത്രയും ദിവസം തൊഴിലാളിക്ക് പദ്ധതിയിൽ അനുവദനീയമായ കൂലിയുടെ പകുതിയിൽ കുറയാത്ത തുക ദിവസ വേതനമായി ലഭിക്കാൻ അർഹതയുണ്ട് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ